## പതിമൂന്നാം കേരള നിയമസഭ
## ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 2089

18.06.2013 ൽ മറുപടിയ്ക്ക്

### ബാങ്കിംഗ് നിയന്ത്രണ നിയമഭേദഗതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ജി. സുധാകരൻ | ശ്രീ. സി. എൻ. ബാലകൃഷ്ണൻ (സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പ് മന്ത്രി) |
| (എ) ബാങ്കിംഗ് നിയന്ത്രണ നിയമഭേദഗതിയുടെ അടിസ്ഥാനത്തിൽ എത്ര സർവീസ് സഹകരണ ബാങ്കുകൾ ആർ.ബി.ഐ ലൈസൻസിന് അപേക്ഷിച്ചിട്ടുണ്ട്; | (എ) ബാങ്കിംഗ് നിയന്ത്രണ നിയമഭേദഗതിയുടെ അടിസ്ഥാനത്തിൽ ഇതുവരെ 10 സർവീസ് സഹകരണ ബാങ്കുകൾ സഹകരണ സംഘം രജിസ്ട്രാർ മുഖേന ആർ.ബി.ഐ ലൈസൻസിന് അപേക്ഷിച്ചിട്ടുണ്ട്. |
| (ബി) ബാങ്കിംഗ് നിയന്ത്രണ നിയഭേദഗതിയിലെ സഹകരണ കാർഷിക വായ്പ സംഘങ്ങളെ ബാധിക്കുന്ന പ്രധാന വ്യവസ്ഥകൾ എന്തൊക്കെ; | (ബി) ബാങ്കിംഗ് നിയന്ത്രണ നിയമഭേദഗതിയിൽ സഹകരണ കാർഷിക വായ്പ സഹകരണ സംഘങ്ങളെ ബാധിക്കുന്ന വ്യവസ്ഥകൾ ഒന്നുംതന്നെ ഇല്ല. |
| (സി) ബാങ്കിംഗ് നിയന്ത്രണ നിയമഭേദഗതി കേരളത്തിലെ സഹകരണ സംഘങ്ങളെ ദോഷകരമായി ബാധിക്കുന്നത് എങ്ങനെയെന്ന വിശദമാക്കാമോ? | (സി) പാർലമെന്റ് പാസാക്കിയ ബാങ്കിംഗ് നിയമ (ഭേദഗതി) നിയമം, 2012, 18.01.2013 ന് പ്രാബല്യത്തിൽ വന്നിട്ടുണ്ട്. ആയത് പ്രകാരം ബാങ്കിംഗ് നിയന്ത്രണ നിയമത്തിലെ സഹകരണ ബാങ്കുകൾക്ക് ബാധകമായ വ്യവസ്ഥകളിൽ പ്രധാനമായും മൂന്ന് വ്യവസ്ഥകളിലാണ് ഭേദഗതി വന്നിട്ടുള്ളത്. സഹകരണ ബാങ്കുകൾ നിയമപരമായി സൂക്ഷിക്കേണ്ട സി.ആർ.ആർ., എസ്.എൽ.ആർ കരുതലുകൾ വാണിജ്യ ബാങ്കുകൾക്ക് സമാനമാക്കുകയും അതോടൊപ്പം റിസർവ്വ് ബാങ്ക് ലൈസൻസുള്ള സഹകരണ സംഘങ്ങൾക്ക് മാത്രമേ ബാങ്കിംഗ് നിയന്ത്രണ നിയമം |

വിവക്ഷിച്ചിട്ടുള്ള വിധത്തിൽ ബാങ്കിംഗ് ഇടപാടുകൾ നടത്തുവാനും പാടുള്ളൂ വെന്ന വ്യവസ്ഥ ചെയ്തിരിക്കുന്നു. പ്രസ്തുത നിയമ ഭേദഗതിയുടെ വെളിച്ചത്തിൽ ബാങ്കിംഗ് നിയമ (ഭേദഗതി) നിയമം പ്രാബല്യത്തിൽ വന്ന അന്നോ, അതിനു മുമ്പോ പ്രൈമറി ബാങ്കായ ഓരോ പ്രൈമറി കോ-ഓപ്പറേറ്റീവ് സൊസൈറ്റിയും (പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങളല്ലാത്തവ) മൂന്ന് മാസത്തിനകം റിസർവ്വ് ബാങ്കിന് ലൈസൻസിനായി അപേക്ഷിക്കേണ്ടതാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്. നിയമഭേദഗതി ബാങ്കിംഗ് ഇടപാടുകൾ നടത്തുന്ന സഹകരണ സംഘങ്ങൾക്ക് റിസർവ്വ് ബാങ്ക് ലൈസൻസ് നിർബന്ധമാക്കുന്ന സാഹചര്യത്തിൽ ആയത് ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന സംസ്ഥാനത്തെ പ്രാഥമിക വായ്പാ സഹകരണ സംഘങ്ങളുടെ പ്രവർത്തനത്തെ സാരമായി ബാധിക്കാനും ഇടയുണ്ട്. കൂടാതെ റിസർവ് ബാങ്ക് കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾക്ക് അനുസരിച്ച് സഹകരണ ബാങ്കുകളും സി.ആർ.ആർ, എസ്.എൽ.ആർ. കരുതലുകൾ സൂക്ഷിക്കേണ്ടതായി വരുകയും ആയത് വായ്പ വിതരണത്തിന് ലഭ്യമാകുന്ന തുകയിൽ കുറവ് വരുന്നതിനും വായ്പ വിതരണം കുറയാനും തന്മൂലം ബാങ്കുകളുടെ ലാഭക്ഷമതയെ ബാധിക്കാനും ഇടയുണ്ട്.

സെക്ഷൻ ഓഫീസർ